## തൊഴിലില്ലായ്മ വേതന കുടിശ്ശിക വിതരണം

18 [501] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 31 വരെ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) തൊഴിലില്ലായ്മ വേതനകുടിശ്ശികയിനത്തിൽ എത്ര രൂപ കൊടുക്കാനുണ്ടെന്ന് വിശദമാക്കുമോ;

(സി) കുടിശ്ശികയിനത്തിലുള്ള തുക എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 38,00,224 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി ആന്റ് സി) 10/2002 മുതൽ 12/2004 വരെയുള്ള 27 മാസത്തെ തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിന് 387370 ഗുണഭോക്താക്കൾക്ക് പ്രതിമാസം 120 രൂപ നിരക്കിൽ 125,50,78,800 രൂപ കുടിശ്ശികയായുണ്ട്. അതിൽ 12/2002 വരെയുള്ള തൊഴിൽരഹിത വേതനം നൽകുന്നതിനുള്ള തുക സർക്കാർ അനുവദിച്ചു നൽകിക്കഴിഞ്ഞു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി കുടിശ്ശിക തുക വിതരണം നടത്തുന്നതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

19 [502] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ മുതൽ നാളിതുവരെ ഓരോ വർഷവും സർക്കാർ സർവ്വീസിലും, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും, താല്ക്കാലികവും, ദിവസവേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നൽകിയ നിയമനങ്ങൾ എത്രയാണെന്നും, ഏതെല്ലാം തസ്തികകളിലാണെന്നും വെളിപ്പെടുത്താമോ;

(ബി) 2004 ഡിസംബർ 31-ലെ കണക്കനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്ര;

(സി) ഇതിൽ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരെത്രയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly